മറ്റൊന്ന്, ഇവരിൽ 25 ശതമാനം പേരെ സൂപ്പർവൈസർമാരായി നിയമിക്കാനായി ഇപ്പോൾ തീരുമാനമായിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിലവിലുള്ള പി.എസ്.സി.റാങ്ക്‌ലിസ്റ്റിൽ നിന്നും ഉള്ളവരെ പോസ്റ്റ് ചെയ്യണം. 25 ശതമാനം അംഗൻവാടി സൂപ്പർവൈസർമാരായി അംഗൻവാടി ജീവനക്കാരെയും പോസ്റ്റ് ചെയ്യണം. അവിഹിതവും അനധികൃതവുമായി കരാറടിസ്ഥാനത്തിൽ ജോലിക്ക് കയറിയവരാണ് ഇപ്പോഴും സൂപ്പർവൈസർമാരായി തുടരുന്നത്. അർഹതപ്പെട്ടവരെ മാത്രം പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും അംഗൻവാടി ജീവനക്കാരിൽ നിന്നും നിയമിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, അംഗൻവാടി ജീവനക്കാർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 100 രൂപ നൽകുകയുണ്ടായി. അതുകൂടാതെ വീണ്ടും 100 രൂപ കൂടി കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അത് കഴിയുന്നത്ര വേഗം നടപ്പാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് എടുത്തുവരുന്നത്. അതിവേഗത്തിൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.എസ്.സി. റാങ്കുലിസ്റ്റിൽ നിന്നും 278 പേരെ നിയമിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടി അദ്ധ്യാപകർക്ക് 25 ശതമാനം റിസർവേഷനുണ്ട്. ആ റിസർവേഷൻ പി.എസ്. സി. ടെസ്റ്റ് നടത്തി, ആളുകളെ തെരെഞ്ഞെടുത്തുവെങ്കിൽ മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ. അവർക്കുള്ള 25 ശതമാനം റിസർവേഷൻ മാറ്റിവച്ചിട്ടുണ്ട്. അതിൽ യാതൊരു കുറവും വരികയില്ല. പി.എസ്.സി. അതിനുള്ള നടപടിക്രമങ്ങൾ എടുത്ത് വേഗത്തിൽ ലിസ്റ്റ് തരണമെന്ന് പി. എസ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് അതിവേഗത്തിൽ ചെയ്യുന്നതാണ്.

(21) മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, 20 മാസത്തിലധികമായി മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി അടഞ്ഞു കിടക്കുകയാണ്. 3600 തൊഴിലാളികൾ നേരിട്ടും അനുബന്ധമായി പതിനായിരത്തോളം തൊഴിലാളികളും ജോലിയെടുത്തുവന്ന ഒരു സ്ഥാപനമാണ്. പൾപ്പ് ഇറക്കുമതിയാണ് പ്രധാനപ്പെട്ട പ്രശ്നമെന്ന് പറഞ്ഞുകേൾക്കുന്നു. അതിൽ വസ്തുതയുണ്ടോ എന്നുള്ളത് വ്യക്തമാക്കണം. കേന്ദ്രഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള, നരസിംഹറാവു ഗവൺമെന്റ് കൊണ്ടുവന്ന ഉദാരവൽക്കരണത്തിന്റെ ഭാഗമായാണ് ഇതു സംഭവിക്കുന്നത്. പ്രസ്തുത കമ്പനി തുറന്നു പ്രവർത്തിപ്പിക്കാനുള്ള സത്വര നടപടി എടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, മാവൂർ ഗ്രാസിം കമ്പനിയുടെ പൾപ്പ് ഡിവിഷനും സ്റ്റേപ്പിൾ ഫൈബർ ഡിവിഷനും അടച്ചുപൂട്ടുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് ഗ്രാസിം മാനേജ്മെന്റ് 23.8.1999-ന് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ 25-ം വകുപ്പുപ്രകാരം സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, അന്തരീക്ഷ മലിനീകരണ പ്രശ്നങ്ങൾ, തൊഴിലാളികളുടെ ശമ്പള വർദ്ധനവിനായുള്ള സമ്മർദ്ദ. വൈദ്യുതി നിരക്കിലുണ്ടായ വർദ്ധനവ്, കമ്പനിയുടെ സാമ്പത്തിക നഷ്ടം എന്നിവയാണ് അടച്ചുപൂട്ടലിനുള്ള കാരണങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റ് പറഞ്ഞത്. മാനേജുമെന്റിന്റെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും വാദം കേട്ടതിനുശേഷം 16.10.1999-ന് 23084/93/99 തൊഴിൽ നമ്പർ ഉത്തരവുപ്രകാരം മേൽപ്പറഞ്ഞ അപേക്ഷ നിരസിച്ചു. ഈ ഉത്തരവിനെതിരെ കമ്പനി മാനേജുമെന്റ് 6.11.1999-ന് റിവ്യൂ പെറ്റീഷൻ സർക്കാരിന് സമർപ്പിച്ചു. റിവ്യൂ പെറ്റീഷനിൽ മാനേജുമെന്റിന്റെയും തൊഴിലാളികളുടേയും വാദം കേട്ടതിനുശേഷം തൊഴിൽ വകുപ്പുസെക്രട്ടറിയുടെ 2.8.2000-ലെ 29131/83/99/ തൊഴിൽ നമ്പർ നടപടിക്രമം പ്രകാരം റിവ്യൂ പെറ്റീഷൻ നിരസിക്കുകയും തർക്കസംഗതി കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി അഡ്ജൂഡിക്കേഷനായി വിടുകയും ചെയ്തു. ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാനായി മാനേജുമെന്റിന്റെ പ്രതിനിധികളുമായി ഗവൺമെന്റ് പലപ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തി വ്യവസായ വകുപ്പു സെക്രട്ടറി തലവനായി ഒരു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥർ, ഗ്രാസിം മാനേജുമെന്റ് പ്രതിനിധികൾ എന്നിവരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ധനകാര്യ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരും ചേർന്ന് ചർച്ച നടത്തിയിട്ടും മാനേജുമെന്റ് മാവൂർ യൂണിറ്റിനെ കമ്പനിയിൽ നിന്നും വിടർത്താൻ കമ്പനി നിയമം 381, 384 എന്നീ വകുപ്പുകൾ അനുസരിച്ച് നടപടികൾ എടുത്തുകൊണ്ടിരിക്കുന്നതായി മനസ്സിലാക്കുന്നു. മധ്യപ്രദേശ് ഹൈക്കോടതിയുടെ ഇൻഡോർ ബെഞ്ചിലുള്ള ഈ കേസിൽ കേരള സർക്കാരും കക്ഷി ചേരാൻ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ തുടർന്നുള്ള ജോലി ഉറപ്പുവരുത്താൻ നിയമപരമായ എല്ലാ നടപടികളും സർക്കാർ എടുത്തിട്ടുണ്ട്. കമ്പനി തുറന്നു പ്രവർത്തിക്കുന്നതോടുകൂടി മാത്രമേ ബന്ധപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇതിന് സാധ്യമായതെല്ലാം ചെയ്യുന്നതാണ്. അടിയന്തിരമായിതന്നെ ഇൻഡോർ കോടതിയിൽ ഇടപെട്ട് ബൈഫർക്കേഷനെ എതിർക്കാനും ഈ കമ്പനി തുറന്നു പ്രവർത്തിപ്പിക്കാനും സമ്മർദ്ദം ചെലുത്തുന്നതാണ്.

VIII. ഉത്തരത്തിൽ തിരുത്ത്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, പത്താം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 16.7.1998-ലെ നക്ഷത്രചിഹ്നമിടാത്ത 1871-ാം നമ്പർ ചോദ്യത്തിന് 'സി' വിഭാഗത്തിന് നൽകിയിരിക്കുന്ന ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

IX – Papers Laid on the Table

I. Chief Minister (Shri E.K. Nayanar) : Sir, I lay on the Table :

---

* അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly